LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര സഹായത്തോടെ വനം വകുപ്പ് ഏറ്റെടുത്ത പദ്ധതികൾ

276 (3910) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷത്തിൽ 100% കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് വനം വകുപ്പ് ഏറ്റെടുത്ത പദ്ധതികൾ ഏതൊക്കെയായിരുന്നു ;

(ബി) ഇവ ഓരോന്നിലും തനതു വർഷം എത്ര തുക വീതം വകയിരുത്തിയിരുന്നു ; ഓരോന്നിലും എത്ര വീതം തുക ചെലവഴിച്ചു ;

(സി) 2014-15 സാമ്പത്തിക വർഷത്തിൽ 100% കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന പരിപാടികൾ ഏതൊക്കെയാണ് ;

(ഡി) ഇവ ഓരോന്നിലും എത്ര തുക വീതം വകയിരുത്തിയിട്ടുണ്ട്; ഈ ഇനങ്ങളിൽ ഓരോന്നിലും 2014 ഒക്ടോബർ വരെ എത്ര തുക ചെലവഴിക്കപ്പെട്ടിട്ടുണ്ട് ;

(ഇ) പദ്ധതികളുടെ നിർവ്വഹണത്തിന് ഗണ്യമായ തടസ്സങ്ങൾ സൃഷ്ടിച്ച കാരണങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തിൽ 100% കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് വനം വകുപ്പ് ഏറ്റെടുത്ത പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. നീലഗിരി ബയോസ്ഫിയർ റിസർവ്വിന്റെ പരിപാലനം
2. അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വിന്റെ പരിപാലനം
3. പ്രോജക്ട് എലിഫന്റ്
4. വയനാട് വന്യജീവി സങ്കേതത്തിലെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി
5. കൺസർവേഷൻ ആഡ് മാനേജ്മെന്റ് ഓഫ് മാൻഗ്രോവ്സ് ഇൻ വേമ്പനാട് റീജിയൺ

6. കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് മാൻഗ്രോവ്സ് ഇൻ കണ്ണൂർ റീജിയൺ

7. ദേശീയ വനവൽക്കരണ പരിപാടി

8. ദേശീയ ബാംബൂ മിഷൻ

(ബി) വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) 1. നീലഗിരി ബയോസ്ഫിയർ റിസർവ്വിന്റെ പരിപാലനം

2. അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വിന്റെ പരിപാലനം

3. പ്രോജക്ട് എലിഫന്റ്

4. വയനാട് വന്യജീവി സങ്കേതത്തിലെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി

5. കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് മാൻഗ്രോവ് ഇൻ വേമ്പനാട് റീജിയൺ

6. കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് മാൻഗ്രോവ് ഇൻ കണ്ണൂർ റീജിയൺ

7. ദേശീയ വനവൽക്കരണ പരിപാടി

8. ദേശീയ ബാംബൂ മിഷൻ

(ഡി) വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ഇ) പദ്ധതികളുടെ നിർവ്വഹണത്തിന് ഗണ്യമായ തടസ്സങ്ങൾ ഇല്ലെങ്കിലും കേന്ദ്ര പദ്ധതി വിഹിതം ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.

സോഷ്യൽ ഫോറസ്ട്രി മുഖേന ചെലവഴിച്ച തുക

277 (3911) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സോഷ്യൽ ഫോറസ്ട്രി വകുപ്പ് മുഖേന ചേർത്തല മണ്ഡലത്തിൽ ചെയ്തിട്ടുള്ള ജോലികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; ഇതിനായി ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly